**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2442 19.07.2016 ൽ മറുപടിയ്ക്ക്

## ആർ.ടി.ഒ. ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം

ചോദ്യം ഉത്തരം

ശ്രീ. കെ. ബാബു ശ്രീ.എ.കെ.ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര ആർ.ടി.ഒ. ചെക്ക് പോസ്റ്റുകളാണ് പ്രവർത്തിക്കുന്നത് എന്ന് വിശദമാക്കാമോ ; | (എ) | 19 എണ്ണം . |
| (ബി) | അഴിമതി വിമുക്ത ചെക്ക് പോസ്റ്റുകൾ പ്രവർത്തിക്കുന്ന സ്ഥലങ്ങളിൽ അർ.ടി.ഒ. ചെക്ക് പോസ്റ്റുകളെ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | മോട്ടോർ വാഹന ചെക്ക് പോസ്റ്റുകളെ ഇത്തരത്തിൽ വേർതിരിച്ചിട്ടില്ല. |
| (സി) | സംസ്ഥാനത്തെ മുഴുവൻ ആർ.ടി.ഒ. ചെക്ക് പോസ്റ്റുകളും അഴിമതി വിമുക്ത ചെക്ക് പോസ്റ്റുകളാക്കാൻ നടപടി സ്വീകരിക്കാമോ? | (സി) | സംസ്ഥാനത്തെ ആർ.ടി.ഒ. ചെക്ക് പോസ്റ്റുകളിൽ ക്യാമറകൾ സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള ഒരു നിർദ്ദേശം കെൽട്രോൺ ഗതാഗത കമ്മീഷണർക്ക് സമർപ്പിച്ചിരുന്നു. 19.11.2013-ൽ നടന്ന മോട്ടോർ വാഹന വകുപ്പിലെ FAST (Fully Automated Services in Transport Department) പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റി യോഗം ഈ നിർദ്ദേശത്തിന് അംഗീകാരം നൽകിയിരുന്നു. തുടർ നടപടികൾ ഗതാഗത കമ്മീഷണർ സ്വീകരിച്ചു വരുന്നു. അഴിമതി അവസാനിപ്പിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പിന്റെ വകുപ്പുതല പരിശോധനയും വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ മിന്നൽ |

| | | | |
|---|---|---|---|
| | | | പരിശോധനകളും നടത്താറുണ്ട്. കൂടാതെ ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം രഹസ്യ നിരീക്ഷണത്തിലുമാണ്. ആധുനിക പരിശോധനാ സംവിധാനങ്ങൾ നടപ്പിലാക്കുവാനുള്ള നടപടികളും വകുപ്പുതലത്തിൽ കൈക്കൊണ്ടിട്ടുണ്ട്. ഇതിനായി ഇലക്ട്രോണിക് വെയിംഗ് മെഷീൻ മുതലായ ഉപകരണങ്ങൾ ഘട്ടം ഘട്ടമായി വകുപ്പ് വാങ്ങുന്നുണ്ട്. |

സെക്ഷൻ ഓഫീസർ